**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2016-17 - ആലപ്പുഴ നിയോജക മണ്ഡലം - ആസ്തി വികസന നിധിയിൽ നിന്നും ഭരണാനുമതി ലഭിച്ച Construction of Kaithavanassery Rainbow resort road in Aryad Gramapanchayat എന്ന പ്രവൃത്തി - പുതുക്കിയ ഭരണാനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

**സ.ഉ(സാധാ)നം. 282/2020/തസ്വഭവ തിരുവനന്തപുരം, തീയതി : 03.02.2020.**

---

പരാമർശം :- 1 02/05/17-ലെ സ. ഉ (ആർ.റ്റി ) 1386/2017/ത സ്വ ഭ വ നമ്പർ ഉത്തരവ്.

2 04/08/2018-ലെ സ. ഉ (അച്ചടി ) 119/2018/ധന നമ്പർ ഉത്തരവ്.

3 03/04/2018 ലെ സർക്കുലർ നം.26/2018/ധന.

4 16/09/2019-ലെ ത.സ്വ.ഭ.വ. ആലപ്പുഴ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ ഡി 1-07-17/18 നമ്പർ കത്ത്.

5 28/11/2019-ലെ സ. ഉ (ആർ.റ്റി) 9359/2019/ധന നമ്പർ ഉത്തരവ്.

## <u>ഉത്തരവ്</u>

ആലപ്പുഴ എം.എൽ.എ. യുടെ 2016 -17 ലെ ആസ്തി വികസന ഫണ്ടിൽ നിന്നും Construction of Kaithavanassery Rainbow resort road in Aryad Gramapanchayat എന്ന പ്രവൃത്തിക്ക് പരാമർശം (1) ഉത്തരവിലെ ക്രമനമ്പർ 2 പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.ടെൻഡർ നടപടികൾ പൂർത്തിയാക്കി ക്വട്ടേഷൻ ക്ഷണിച്ചിട്ടും കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകാത്തതിനാൽ തുകയിൽ വ്യത്യാസമില്ലാതെ എസ്റ്റിമേറ്റിൽ മാറ്റം വരുത്തി ടാറിംഗ് ഒഴിവാക്കി മെറ്റലിംഗ് റോഡാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുവാനുള്ള ബഹു.എം.എൽ.എ. യുടെ നിർദ്ദേശത്തെ തുടർന്ന് ആലപ്പുഴ എക്സിക്യൂട്ടീവ് എൻജിനീയർ പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതി പുതുക്കി നൽകുന്നതിനായി പരാമർശം (4) പ്രകാരം സമർപ്പിച്ചിട്ടുണ്ട്.ടി പ്രവൃത്തിക്ക് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം തുകയിൽ വ്യത്യാസം വരാതെ ഭരണാനുമതി പുതുക്കി നൽകുന്നതിന് പരാമർശം (2) ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി പരാമർശം (3) പ്രകാരമുള്ള ഉത്തരവിൽ ഇളവ് വരുത്തി പരാമർശം (5) പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

2 സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (5) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ആലപ്പുഴ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ഡോ.തോമസ്

ഐസക് എം.എൽ.എ.യുടെ 2016 -17 ലെ ആസ്തി വികസന ഫണ്ടിൽ നിന്നും Construction of Kaithavanassery Rainbow resort road in Aryad Gramapanchayat എന്ന പ്രവൃത്തിക്ക് പരാമർശം (1) ഉത്തരവിലെ ക്രമനമ്പർ 2 പ്രകാരം 25 ലക്ഷം രൂപയ്ക്ക് നൽകിയ ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

3) പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ശാരദ മുരളീധരൻ ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, ആലപ്പുഴ ഡിവിഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ആര്യാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.
ധനകാര്യ(നോഡൽ സെന്റർ-ബി )വകുപ്പ്(28/11/2019 ലെ സ.ഉ(ആർ.റ്റി)9359/2019/ധന നമ്പർ ഉത്തരവ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ